**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 540** **05-10-2021 - ൽ മറുപടിയ്ക്ക്**

**പൊതു മേഖല സ്ഥാപനങ്ങളിലെ എം. ഡി നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതു മേഖല സ്ഥാപനങ്ങളിൽ എം. ഡി മാരെ നിയമിക്കുന്നതിനുള്ള പൊതു നിബന്ധനകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (എ) | വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. മാരുടെ നിയമനത്തിനായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന മേഖലയ്ക്കും സ്വഭാവത്തിനുമനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യത, അഭികാമ്യ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒഴിവ് വരുന്ന മുറയ്ക്ക് പ്രസ്തുത യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സഹിതം പ്രസ്തുത തസ്തികയിലേക്ക് അനുയോജ്യരായവരെ തിരഞ്ഞെടുത്ത് നൽകുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസ്സ് സെലക്ഷൻ ബോർഡിനോട് (KPESB) അഭ്യർത്ഥിക്കുകയും അതിൻപ്രകാരം KPESB യുടെ വെബ് സൈറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും, പത്രമാധ്യമങ്ങൾ വഴി വ്യപക പ്രചാരണം നൽകികൊണ്ട് യോഗ്യരാവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി, ഇന്റർവ്യൂ നടത്തി നിയമനത്തിന് അനുയോജ്യരായവരെ സംബന്ധിച്ച വിവരം സർക്കാരിൽ സമർപ്പിക്കുന്നു വിജിലൻസ് ക്ലിയറൻസ് ലഭിച്ചതിനുശേഷം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമേഖല സ്ഥാപനങ്ങളിൽ നിയമിച്ച എം. ഡി മാരുടെ നിയമന രീതി നിബന്ധനകൾക്ക് വിധേയമാണോ എന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമേഖല സ്ഥാപനങ്ങളിലെ എം.ഡി. തസ്തികകളിൽ വന്ന ഒഴിവുകളിൽ നിയമനം നടത്തിയിട്ടില്ല. ചില ഒഴിവുകളിൽ അധിക ചുമതല മാത്രമാണ് നൽകിയിട്ടുള്ളത്. നിലവില്ലുള്ള ഒഴിവുകളിലേക്ക് KPESB മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ